# കൃഷി വിജ്ഞാന കേന്ദ്രം- ആലപ്പുഴ
# KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കൃഷ്ണപുരം, കായംകുളം – 690 533, കേരളം

Vol. 12 Issue 02 | NEWSLETTER | April- June 2014
വാല്യം 12 ലക്കം 02 | വാർത്താപത്രിക | ഏപ്രിൽ-ജൂൺ 2014



അകത്താളുകളിൽ


ലോക പരിസ്ഥിതി ദിനാചരണം


വെർജിൻ കോക്കനട്ട് ഓയിൽ കാപ്സ്യൂളിന്റെ വിപണനോദ്ഘാടനം


ഫീൽഡ് ദിനാചരണം നെൽകൃഷിയിലെ യന്ത്രവത്ക്കരണം


വിഗോവ സൂപ്പർ എം താറാവ് ഇനം


ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയം


മുൻനിര പ്രദർശന പരിപാടി


വിജയഗാഥ

## വാർഷിക പ്രവർത്തനങ്ങളുടെ ഉദ്ഘാടനം

**ആ**ലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം 2014 – 15 സാമ്പത്തിക വർഷത്തിലെ പ്രവർത്തന പദ്ധതി പ്രകാരം ബുധനൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ബഹു. ചെങ്ങന്നൂർ എം. എൽ.എ ശ്രീ. പി .സി വിഷ്ണുനാഥ് 23.05.14 ന് എണ്ണക്കാട് ഗവ. യു.പി. സ്കൂളിൽ വെച്ച് നടന്ന ചടങ്ങിൽ നിർവ്വഹിച്ചു. കാർഷിക അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകൾ കർഷക പങ്കാളിത്തത്തോടെയുള്ള കൃഷിയിട പരീക്ഷണങ്ങൾ, മുൻനിരപ്രദർശനങ്ങൾ, പരിശീലനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കർഷകരിൽ എത്തിക്കുകയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതികൾ ബുധനൂർ പഞ്ചായത്തിലെ കാർഷിക മേഖലയ്ക്ക് ഉണർവും ദിശാബോധവും നൽകുമെന്ന് ശ്രീ.പി.സി. വിഷ്ണുനാഥ് പറഞ്ഞു. കൃഷിഭവൻ, ഗ്രാമപഞ്ചായത്ത്, വികസന പ്രവർത്തകർ, നബാർഡ് ഫാർമേഴ്സ് ക്ലബ്ബ്, കുടുംബശ്രീ, ഇതരഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച യോഗത്തിൽ ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രുഗ്മിണി ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ.പി. മുരളീധരൻ പദ്ധതി വിശദീകരണം നടത്തി. കായംകുളം തോട്ടവിള ഗവേഷണ കേന്ദ്രം മേധാവി ഡോ.വി. കൃഷ്ണകുമാർ മുഖ്യ പ്രഭാഷണം നടത്തിയ ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗങ്ങളായ ശ്രീമതി. ജെ. ആനന്ദവല്ലിയമ്മ, ശ്രീമതി. പുഷ്പലത മധു, ബ്ലോക്ക് പഞ്ചായത്തംഗം ശ്രീമതി. ലേഖ മോഹൻ, ബുധനൂർ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. സുധാമണി, ഗ്രാമപഞ്ചായത്തംഗം ശ്രീ. ആർ. ഗോപാലകൃഷ്ണപണിക്കർ, കൃഷി അസി. ഡയറക്ടർ ശ്രീമതി. സുജാ ജോർജ്ജ്, വെറ്റിനറി സർജൻ ഡോ. തോമസ് ചെറിയാൻ, ബുധനൂർ ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ശ്രീ. സോമകാരണവർ, കൃഷിവിജ്ഞാനകേന്ദ്രം ടെക്നിക്കൽ ഓഫീസർ ശ്രീ. എം. എസ്. രാജീവ്, കൃഷി ഓഫീസർ ശ്രീമതി. എസ്. പുഷ്പ എന്നിവർ കർഷകരെ അഭിസംബോധന ചെയ്തു. സമൂഹത്തിന്റെ വിവിധ തുറകളിലുള്ള നൂറോളം പേർ പങ്കെടുത്ത ചടങ്ങിൽ വെച്ച് വിവിധ പദ്ധതികളുടെ ഭാഗമായി മഞ്ഞൾ നടീൽ വസ്തുക്കൾ, നീലിമ എന്ന സങ്കരയിനം വഴുതന തൈകൾ എന്നിവ പങ്കാളികളായ കർഷകർക്ക് കൈമാറി. ഇതോടനുബന്ധിച്ച് "ശാസ്ത്രീയ പച്ചക്കറി" കൃഷി എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടിയും സംഘടിപ്പിച്ചു.



## ലോക പരിസ്ഥിതി ദിനം ആചരിച്ചു

**കൃ**ഷിവിജ്ഞാന കേന്ദ്രത്തിന്റെയും ബുധനൂർ ഹയർ സെക്കണ്ടറി സ്കൂൾ എൻ. എസ്.എസ്. യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ ജൂൺ 5 ന് ലോകപരിസ്ഥിതിദിനം ആചരിച്ചു. സ്കൂൾ അങ്കണത്തിൽ വൃക്ഷത്തെ നട്ട് ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രൂക്മിണി ടീച്ചർ ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായ



ത്തംഗം ശ്രീമതി. ലേഖമോഹൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ കൃഷിവിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ പരിസ്ഥിതി സംരക്ഷണത്തിന്റെയും ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന്റെയും ആവശ്യകത ഊന്നിപ്പറഞ്ഞു. പ്രിൻസിപ്പാൾ ശ്രീമതി. ശ്രീലത, ഹെഡ് മിസ്ട്രസ് ശ്രീമതി ജയലക്ഷ്മി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ ശ്രീ. ജയകൃഷ്ണൻ, ബുധനൂർ കൃഷി ഓഫീസർ ശ്രീമതി. എസ്. പുഷ്പ, സ്റ്റാഫ് സെക്രട്ടറിമാരായ. ശ്രീ . എൻ.രവീന്ദ്രൻ, ശ്രീമതി സി.കെ പ്രീത, ശ്രീ.പി.ടി ബാലകൃഷ്ണൻ എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോ.കെ. സജ്നനാഥ് സ്വാഗതവും, സ്കൂൾ എൻ.എസ്.എസ് കോർഡിനേറ്റർ ശ്രീ. ഷാജഹാൻ നന്ദിയും രേഖപ്പെടുത്തി. തുടർന്ന് ഹൈസ്കൂൾ–ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ക്വിസും അവബോധ ക്ലാസ്സും സംഘടിപ്പിച്ചു. ക്വിസ് മൽസരത്തിൽ അഭിമന്യു എസ്.പി, അതുൽ എ.എസ്, കൃഷ്ണപ്രിയ യു. എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും പ്രിൻസിപ്പാൾ ശ്രീമതി. ശ്രീലത വിതരണം ചെയ്തു. ഇതോടനുബന്ധിച്ച് അധ്യാപകരുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിന സന്ദേശങ്ങൾ ഉയർത്തിപ്പിടിക്കുന്ന പ്ലക്കാർഡുകളുമായി സ്കൂളിലെ അഞ്ഞൂറോളം വിദ്യാർത്ഥികൾ ബുധനൂരിൽ റാലി നടത്തി.

## വെർജിൻ കോക്കനട്ട് ഓയിൽ കാപ്സ്യൂളിന്റെ വിപണനോദ്ഘാടനം

**കൃ**ഷിവിജ്ഞാന കേന്ദ്രത്തിന്റെ സംരംഭകത്വ വികസന പദ്ധതി പ്രകാരം കഞ്ഞിക്കുഴി ബ്ലോക്കിലെ കരപ്പുറം നാളികേര ഉത്പാദക കമ്പനി ഉരുക്കുവെളിച്ചെണ്ണ കാപ്സ്യൂൾ രൂപത്തിലാക്കി വിപണിയിലിറക്കി. സാങ്കേതിക സഹായത്തോടൊപ്പം ഉത്പാദനത്തിനും വിപണനത്തിനും സഹായിക്കുന്ന ലഘുയന്ത്രങ്ങൾ കൃഷി വിജ്ഞാന കേന്ദ്രം ലഭ്യമാക്കി. ജെലാറ്റിൻ കൊണ്ട് നിർമ്മിതമായ കാപ്സ്യൂൾ ഒരു ഗ്രാം ഉരുക്കുവെളിച്ചെണ്ണ അടങ്ങിയതും രണ്ട് വർഷം വരെ സൂക്ഷിക്കാവുന്നതുമാണ്. ഇതിന്റെ വിപണനോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു. പ്രതിഭഹരി, മാരാരി ബീച്ച് റിസോർട്ട് ജനറൽ മാനേജർ ശ്രീ. പി. സുബ്രഹ്മണ്യത്തിന് നൽകികൊണ്ട് നിർവ്വഹിച്ചു. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്



പ്രസിഡന്റ് അഡ്വ: പ്രിയേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ കൃഷിവിജ്ഞാന കേന്ദ്രം മേധാവി ഡോ. പി മുരളീധരൻ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ഈ മേഖലയിൽ കൃഷി വിജ്ഞാന കേന്ദ്രം നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിപാദിച്ചു. മാരാരിക്കുളം വടക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രഭമധു, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗീത കാർത്തികേയൻ, ചേർത്തല തെക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജഗദമ്മ, വികസന കാര്യ കമ്മിറ്റി ചെയർമാൻ ശ്രീ. പി.എസ്. കുഞ്ഞപ്പൻ, കഞ്ഞിക്കുഴി ബ്ലോക്ക് സെക്രട്ടറി ശ്രീ പി.എ ജസ്റ്റിൻ, ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ബീന നടേശൻ, കെ.വി.കെ ടെക്നിക്കൽ ഓഫീസർ ശ്രീമതി.ജിസ്സി ജോർജ്ജ്, കെ.സി.പി.സി മാനേജർ ശ്രീ. ടി.എസ് വിശ്വൻ എന്നിവർ പ്രസംഗിച്ചു. കാർഷിക– വിജ്ഞാനവ്യാപന മേഖലയിലെ ഉദ്യോഗസ്ഥർ, കരപ്പുറം നാളികേര ഉത്പാദന കമ്പനി ഡയറക്ടർ ബോർഡംഗങ്ങൾ, പഞ്ചായത്തംഗങ്ങൾ, കർഷകർ എന്നിവരടങ്ങുന്ന എൺപതോളം പേർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ഫീൽഡ് ദിനാചരണം

**നെ**ൽകൃഷിയിൽ 'നടീൽ യന്ത്രത്തിന്റെ ഉപയോഗം' 'പ്രകൃതി സൗഹാർദ്ദ കീടരോഗ നിയന്ത്രണം' എന്നീ മുൻനിര പ്രദർശന പരിപാടികളുടെ ഫീൽഡ് ദിനാചരണം 2014 ഏപ്രിൽ 30 ന് വെൺമണി പഞ്ചായത്തിലെ പള്ളിപ്പുറം പാടശേഖരത്തിൽ സംഘടിപ്പിച്ചു. ഈ പാടശേഖരത്തിലെ അഞ്ച് കർഷകരുടെ 2 ഹെക്ടർ വരുന്ന പാടങ്ങളിലും, സമീപത്തെ വെട്ടുവേലി പാടശേഖരത്തിലുമാണ് ഈ പ്രദർശനങ്ങൽ നടപ്പിലാക്കിയത്. പായ ഞാറ്റടി നിർമ്മാണം, യന്ത്രമുപയോഗിച്ചുള്ള ഞാറ് നടീൽ, പ്രകൃതി സൗഹാർദ്ദ കീടരോഗ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോകാർഡ്, മത്സ്യഗവ്യം എന്നിവയുടെ ഉപയോഗം എന്നീ സാങ്കേതിക വിദ്യകളാണ് ഈ മുൻനിര പ്രദർശന പരിപാടികളിൽ ഉൾപ്പെടുത്തിയത്

ഈ മുൻനിര പ്രദർശന പരിപാടികളുടെ ഫീൽഡ്

ദിനാചരണവും കൊയ്ത്തുത്സവവും വെൺമണി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി.സി. അജിത നിർവ്വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി മുരളീധരൻ പ്രദർശന പരിപാടികളെ ക്കുറിച്ച് വിശദീകരിച്ചു. ബ്ലോക്ക് പഞ്ചായത്തംഗം ശ്രീ.കുട്ടപ്പൻ, കൃഷി ഓഫീസർ ശ്രീ. അനിൽകുമാർ, പ്രദർശന പങ്കാളിക ളായ കർഷകർ എന്നിവർ സംസാരിച്ചു ഇരുപത്തഞ്ചോളം കർഷകർ ചടങ്ങിൽ സംബന്ധിച്ചു.യന്ത്രമുപയോഗിക്കുമ്പോൾ ഒരു ഹെക്ടർ സ്ഥലത്തേക്ക് 40 കി.ഗ്രാം വിത്ത് മാത്രം മതിയാ കുമെന്ന് കർഷകർക്ക് ബാധ്യപ്പെട്ടു. കൂടാതെ ചെടികളുടെ വളർച്ച, ചിനപ്പുകളുടെ എണ്ണം, കതിരിന്റെ വലിപ്പം, നെൻമണി കളുടെ എണ്ണം എന്നിവയും യന്ത്രമുപയോഗിച്ച് നട്ട പാടങ്ങ ളിൽ കൂടുതലാണെന്ന് കർഷകർ അഭിപ്രായപ്പെട്ടു. സ്യൂഡോ




മോണാസ് വിത്തിൽ പുരട്ടിയും, നട്ട് ഒരുമാസത്തിനു ശേഷം ചാണകപ്പൊടിയ്ക്കൊപ്പം ചേർത്ത് പാടത്ത് വിതറിയും 45 ദിവ സങ്ങൾക്കു ശേഷം ചെടികളിൽ തളിച്ചും ഉപയോഗിച്ചു. ട്രൈക്കോകാർഡ് 15 ദിവസം ഇടവേളകളിൽ, നട്ടശേഷം 15, 30, 45, 60 ദിവസങ്ങളിൽ പാടത്ത് സ്ഥാപിച്ചു. ഇത് വഴി രോഗ ങ്ങളെയും കീടങ്ങളെയും (തണ്ടുതുരപ്പൻ, ഓലച്ചുരുട്ടിപ്പുഴു) പ്രതിരോധിക്കാൻ സാധിച്ചതായി കർഷകർ അഭിപ്രായപ്പെട്ടു. മത്സ്യഗവ്യം തളിക്കുന്നതു വഴി ചാഴിയെ തുരത്താൻ കഴിഞ്ഞ തായും കർഷകർക്ക് ബോധ്യപ്പെട്ടു. യന്ത്രവത്കരണവും കീട രോഗ നിയന്ത്രണവും നടപ്പിലാക്കിയ പാടങ്ങളിൽ ഉയർന്ന വിളവും (5.75 ടൺ/ ഹെ) അറ്റാദായവും (57152 രൂപ/ഹെ) സാധാരണ പറിച്ചുനടീൽ അവലംബിച്ച പാടങ്ങളെ അപേക്ഷിച്ച് ലഭ്യമായി. യന്ത്രം ഉപയോഗിക്കുമ്പോൾ കൂലിച്ചെലവിലുണ്ടാ കുന്ന കുറവാണ് ഉയർന്ന അറ്റാദായം ലഭിക്കാൻ കാരണമാ യത്.



"വിഗോവ സൂപ്പർ എം" എന്ന പുതിയ ഇനം ഇറച്ചി ത്താറാവിനെ സംയോജിത കൃഷിരീതിയിൽ ഉൾപ്പെടുത്തി ക്കൊണ്ട് കൃഷിവിജ്ഞാന കേന്ദ്രം നടത്തിയ പ്രദർശന പരിപാടി യുടെ ഫീൽഡ് ദിനാചരണം 19.05.2014ന് വയലാർ പഞ്ചാ യത്ത് 2-ാം വാർഡിൽ ശ്രീ ജോസഫ് ഏറനാത്തിന്റെ പുരയിട ത്തിൽ സംഘടിപ്പിച്ചു. ഈ പ്രദർശനത്തിൽ ആലപ്പുഴ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട പത്തോളം കർഷകർ "വിഗോവ സൂപ്പർ എം" ഇറച്ചിത്താറാവുകളെ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ വളർത്തുകയുണ്ടായി. ഈ താറാവുകളെ മത്സ്യക്കുളത്തിനു മുകളിൽ കുറഞ്ഞചെലവിൽ നിർമ്മിച്ച പി.വി.സി. പൈപ്പ്കൂടുകളിൽ 50 ദിവസം വരെ തുറന്നു വിടാതെ പാർപ്പിച്ച്, ഇറച്ചിക്കോഴികളുടെ തീറ്റ നൽകിയാണ് വളർത്തിയ ത്. ഇപ്രകാരം വളർത്തിയ താറാവുകളുടെ ശരാശരി ശരീര ഭാരം 2.75 കിലോ വരെ എത്തുകയും ഒരു താറാവിൽ നിന്നു 300 രൂപ ചെലവിൽ 450 രൂപ വരുമാനം ലഭിച്ചതായും പങ്കാളി കളായ കർഷകർ സാക്ഷ്യപ്പെടുത്തി. രണ്ടാം വാർഡു മെമ്പർ ശ്രീ.കെ.പി ലാലൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി മുരളീധരൻ പദ്ധതി വിശ ദീകരണം നടത്തി. ഈ പദ്ധതിയിൽ പങ്കാളികളായ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കർഷകർ ഉൾപ്പെടെ 25-ഓളം പേർ ഈ പരിപാടിയിൽ പങ്കെടുത്തു.

## ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയം (RAWE)

**വെ**ള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ അവ സാന വർഷ ബിരുദ വിദ്യാർത്ഥികൾക്കായുള്ള റാവേ പരിശീ ലനം മെയ് 5 മുതൽ 8 വരെ നടത്തി. കൃഷി വിജ്ഞാന കേന്ദ്ര ത്തിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും വിവിധ പ്രദർശ നത്തോട്ടങ്ങൾ സന്ദർശിക്കുന്നതിനും സംരംഭകരുമായി സംവാ ദിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി. ഇതോ ടനുബന്ധിച്ച് വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ "ശാസ്ത്രീയ കൂൺകൃഷി" എന്ന വിഷയത്തിൽ പരിശീലന പരി പാടിയും സംഘടിപ്പിച്ചു.




## മുൻനിര പ്രദർശന പരിപാടി

### കോഴി വസന്തയ്ക്കെതിരായ ഓറൽ പെല്ലറ്റ് വാക്സിൻ

**അ**ടുക്കള മുറ്റത്തെ കോഴികളിൽ 'കോഴിവസന്ത ക്കെതിരായ ഓറൽ പെല്ലറ്റ് വാക്സിൻ' എന്ന മുൻനിര പ്രദർശനം ചെറിയനാട്, വെൺമണി, കായംകുളം എന്നീ പ്രദേ ശങ്ങളിൽ നടത്തുകയുണ്ടായി. ഇരുപത് കർഷകരെ പങ്കെടു പ്പിച്ചുകൊണ്ട് മുന്നൂറ്റൻപതോളം കോഴികൾക്കാണ് വാക്സിൻ നൽകിയത്. തമിഴ്നാട് വെറ്ററിനറി സർവ്വകലാശാല

വികസിപ്പിച്ചെടുത്ത ഈ വാക്സിൻ 10 മുതൽ 12 ദിവസം വരെ പ്രായമായ കോഴികൾക്ക് 8 –ാം മത്തെ ആഴ്ചയിൽ വായിലൂടെ നൽകി. വാക്സിൻ നൽകിയ കോഴികളിലെ രക്ത സാമ്പിളുകൾ പരിശോധിച്ചതിൽ നിന്നും രോഗ പ്രതിരോധത്തിനാവശ്യമായ സൂചികകൾ രക്തത്തിലുണ്ടെന്ന് കണ്ടെത്തി. ഈ വാക്സിൻ ഫലപ്രദമാണെന്നും രോഗപ്രതിരോധ ശേഷി വർധിച്ചതായും മരണ നിരക്ക് കുറഞ്ഞതായും ഇതിൽ പങ്കെടുത്ത കർഷകർ വിലയിരുത്തി.




### കെ.വി.കെ – ആത്മ സംയുക്ത പരിപാടികൾ

- മാവേലിക്കര ബ്ലോക്കിലെ തിരഞ്ഞെടുത്ത 19 വനിതകൾക്ക് 'ഫലസംസ്കരണം' എന്ന വിഷയത്തിലും 16 കർഷകർക്ക് 'ആലപ്പുഴ ജില്ലയ്ക്ക് അനുയോജ്യമായ സംയോജിത കാർഷികരീതികൾ' എന്ന വിഷയത്തിലും പരിശീലനങ്ങൾ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വെച്ച് നടത്തി.
- ആത്മ സംഘടിപ്പിച്ച പ്രതിമാസ സാങ്കേതിക ഉപദേശക യോഗങ്ങളിൽ ഡോ. പി. മുരളീധരൻ, ലേഖ. ജി, കെ. സജ്നനാഥ് എന്നിവർ പങ്കെടുത്തു.

## വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ

### റേഡിയോ/ ടി.വി പരിപാടികൾ

- ശ്രീമതി ജിസ്സി ജോർജ്ജ് പങ്കെടുത്ത 'തേങ്ങയിൽ നിന്നും ചക്കയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ' എന്ന വിഷയത്തിലെ തത്സമയ ഫോൺ – ഇൻ – പരിപാടി തിരുവനന്തപുരം ദൂരദർശൻ 18 –04 –14 ന് പ്രക്ഷേപണം ചെയ്തു.
- ഡോ. പി മുരളീധരൻ പങ്കെടുത്ത 'മണ്ണിലെ പോഷകങ്ങൾ സസ്യവളർച്ചയ്ക്ക് ' എന്ന വിഷയത്തിലെ തത്സമയ ഫോൺ–ഇൻ–പരിപാടി 6.6.14 ന് തിരുവനന്തപുരം ദൂരദർശൻ പ്രക്ഷേപണം ചെയ്തു.
- 'ആലപ്പുഴ ജില്ലാകൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ' എന്ന വിഷയത്തിൽ ഡോ.പി. മുരളീധരനുമായി നടത്തിയ അഭിമുഖം ആകാശവാണി (കൊച്ചി എഫ്. എം) കിസാൻ വാണി എന്ന പരിപാടിയിലൂടെ 19.05.14 ന് പ്രക്ഷേപണം ചെയ്തു.

### പ്രസിദ്ധീകരണങ്ങൾ

- ജിസ്സിജോർജ്ജ്, ലേഖ ജി. 2014. അഴകിനും ആരോഗ്യത്തിനും മഞ്ഞൾ. കർഷകൻ **22** (4) : 17 –19

## വിജയഗാഥ

### മായങ്ങളില്ലാതെ മറിയാമ്മയുടെ "സൗഹൃദ"

**തെ**ക്കേക്കര പഞ്ചായത്ത് ഓഹ ജംഗ്ഷനിൽ മഠത്തിൽ പറമ്പിൽ മറിയാമ്മ ജോണിന് 2011 –ൽ പതിനഞ്ച് വർഷത്തെ പ്രവാസി ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തുമ്പോൾ വരുമാനത്തിനായി ഒരു സംരംഭത്തിലേർപ്പെടേണ്ടത് ആവശ്യമായിരുന്നു. അന്വേഷണങ്ങൾക്കൊടുവിൽ, കൃഷി വിജ്ഞാനകേന്ദ്രവുമായി ബന്ധപ്പെട്ടപ്പോൾ ഭക്ഷ്യസംസ്കരണ മേഖലയുടെ സാധ്യതകൾ തിരിച്ചറിഞ്ഞു. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തെക്കുറിച്ചുള്ള ത്രിദിന പരിശീലന പരിപാടിയിൽ സുഹൃത്തായ ശ്രീമതി. ബെൻസിയുമായി ചേർന്ന് പങ്കെടുത്തു. പരിശീലനാനന്തരം 'സൗഹൃദ ചാരിറ്റബിൾ ട്രസ്റ്റ് ' എന്ന പേരിൽ ഒരു നാളികേരാധിഷ്ഠിത ഉത്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും ഉത്പന്നങ്ങൾക്ക് എഫ്. എസ്.എസ്.എ.ഐ. രജിസ്ട്രേഷൻ സമ്പാദിക്കുകയും ചെയ്തു . വീട്ടിലാരംഭിച്ച യൂണിറ്റിലേക്ക് ഇന്ധനത്തിനായി 4000 ലിറ്റർ ശേഷിയുള്ള ബയോഗ്യാസ് യൂണിറ്റ്, മാവേലിക്കര മുനിസിപ്പാലിറ്റിയുടെ ധനസഹായത്തോടെ സ്ഥാപിച്ചു. തൊഴിലാളികളുടെ ലഭ്യതക്കുറവ് മൂലം യൂണിറ്റ് യന്ത്രവത്കരിക്കുന്നതിനായി ഭാഗമായി രണ്ട് ഓട്ടോമാറ്റിക് റോസ്റ്റിംഗ് യന്ത്രങ്ങൾ, പൾവ



റൈസർ, ഡബ്ബിൾ സ്ക്രാപ്പർ, സ്ക്രൂപ്രെസ്, മിക്സി, സീലിങ്ങ് മെഷീൻ എന്നിവ 3.5 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചു.

കായംകുളം, മാവേലിക്കര പ്രദേശങ്ങളിൽ നാളീകേര ഉത്പന്നങ്ങളുടെ ആവശ്യകതയും സ്വീകാര്യതയും അറിയുന്നതിനായി സൂപ്പർ മാർക്കറ്റുകളിൽ സർവ്വേ നടത്തി. അതിൻ പ്രകാരം ചമ്മന്തിപ്പൊടി, ലഡു, അരിയുണ്ട, സ്ക്വാഷ്, ഉരുക്കു വെളിച്ചെണ്ണ എന്നീ നാളീകേരാധിഷ്ഠിത ഉത്പന്നങ്ങളും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന അരിപൊടിയും നിർമ്മിച്ച് വിപണനം തുടങ്ങി. ഉത്പന്നങ്ങൾ സൗകര്യപ്രദവും ആകർഷകവുമായ പാക്കറ്റുകളിൽ കൃത്യമായ ലേബലോടുകൂടി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ മറിയാമ്മ പ്രത്യേകം ശ്രദ്ധിച്ചു. 2013 ജൂലൈ 31 ന് മാവേലിക്കര നഗരസഭ അദ്ധ്യക്ഷൻ അഡ്വ.കെ. ആർ മുരളീധരൻ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. യൂണിറ്റിലെ മുഴുവൻ ജോലികളും ചെയ്യുന്ന മറിയാമ്മക്കും ബെൻസിക്കും മാസം 15000 മുതൽ 20000 രൂപ വരെ വരുമാനം ലഭിക്കുന്നുവെന്നത് ഈ വനിതകളുടെ കഠിനാധ്വാനത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ഫലമാണ്.

Printed & Published by : Dr. George V. Thomas, Director, CPCRI, Kasaragod; Co-ordination & Editing : Dr. P. Muralidharan, Programme Co-ordinator, KVK; Compilation, Design & Layout : Dr. K. Sajnanath; Technical Inputs : Rajeev M.S., Jissy George, Dr. S. Ravi, Lekha G.; Technical Assistance : Arathy Balakrishnan, Ansary K.M. & Bijila P.V.; Photo : KVK Staff

Krishi Vigyan Kendra – Alappuzha, CPCRI (RS), Krishnapuram Post, Kayamkulam – 690533